# സംഗീത വഴികളിലും ഷിജിന് ശരണം തെങ്ങുകയറ്റം തന്നെ

കെ.കെ.റോഷൻ കുമാർ

**കൊച്ചി:** ഇത് ഷിജിൻ....രണ്ട് പതിറ്റാണ്ടോളമായി സംഗീതത്തെ ഉപാസിച്ച് ലോകവും ജന്മവും അതിനായി സമർപ്പിച്ച് വള്ളിക്കാവിലെ അമൃതസ്വരൂപത്തെ ഹൃദയത്തിൽ വെച്ചാരാധിക്കുന്ന ഷിജിൻ. തബലയും യോഗയും ഒക്കെയുള്ള ഷിജിനെ മാത്രമേ നാടിന് അറിയുകയുള്ളു. എന്നാൽ കഴിഞ്ഞ ഒന്നരക്കൊല്ലത്തിലധികമായി ഷിജിൻ നാട്ടുകാർക്കുവേണ്ടി തെങ്ങുകയറുകയാണ്. കുലത്തൊഴിലോ തനിക്ക് ഇണങ്ങുന്ന പണിയോ എന്നൊന്നും നോക്കാതെ ഇദ്ദേഹം നാട്ടുകാരുടെ ഫോൺവിളിക്കായി കാത്തിരിക്കുന്നു. അതെ, തെങ്ങുകൾ മാറിക്കയറി അധ്വാന വർഗ്ഗത്തിന്റെ ചലിക്കുന്ന രൂപമായി മാറിക്കഴിഞ്ഞു പള്ളുരുത്തി പെരുമ്പടപ്പ് സ്വദേശിയായ ഈ യുവാവ്. പ്രൊഫഷണൽ തബല വാദന രംഗത്ത് കൊട്ടിക്കയറുമ്പോൾ ഒരിക്കൽപ്പോലും ഒരു തെങ്ങുകയറ്റക്കാരനാകാൻ ആഗ്രഹിച്ചിരുന്നില്ല. എങ്ങിനെ ഈ മേഖലയിൽ എത്തിപ്പെട്ടെന്ന് ഷിജിനോട് തന്നെ ചോദിക്കണം.

നമ്മുടെ നാട്ടിൽ ചെറുപ്പക്കാർ ഏറെയും വെള്ളക്കോളർ ജോലി തേടി അലയുകയാണ്. പരമ്പരാഗതമായി തെങ്ങുകയറ്റ മേഖലയിൽ ജോലി നോക്കിയിരുന്നവരെപ്പോലും തെങ്ങുകയറാൻ കിട്ടാനില്ല. കേരകർഷകരും ഭൂവുടമകളും സാധാരണക്കാരുമെല്ലാം തെങ്ങുവെച്ചുപോയതിൽ ദു:ഖിക്കുന്നു. അങ്ങിനെയിരിക്കെയാണ് നാളികേര വികസന ബോർഡ് എറണാകുളത്തുവെച്ച് തെങ്ങുകയറ്റ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു എന്ന് പത്രത്തിലൂടെ അറിഞ്ഞത്. അപ്രതീക്ഷിതമായിക്കണ്ട പത്രപരസ്യമാണ് തന്നെ ഈ ക്യാമ്പിൽ എത്തിക്കാൻ ഇടയാക്കിയത്. ചങ്ങാതിക്കൂട്ടം എന്ന പേരിൽ നടന്ന പരിശീലനത്തിൽ ഒരാഴ്ച പങ്കെടുത്തു. തെങ്ങുകയറ്റ യന്ത്രം സൗജന്യമായി ലഭിക്കുകയും ചെയ്തു. പരിശീലന പരിപാടി നിയന്ത്രിക്കാനെത്തിയവർ ഷിജിന്റെ ആത്മാർത്ഥതയിൽ അമ്പരന്നു.



ജീവിതത്തിലെ വ്യത്യസ്ത റോളുകളിൽ ഷിജിൻ -ആർ.ആർ.ജയറാം

വളരെ വേഗത്തിൽ തെങ്ങുകയറ്റം പഠിച്ചു. അടുത്ത സുഹൃത്തുക്കളോടും ബന്ധുക്കളോടും തന്റെ തൊഴിൽ മേഖലയെപ്പറ്റി പറഞ്ഞു. ആദ്യം കേട്ടവർ അമ്പരന്നു. എന്നാൽ ചെറിയ പ്രദേശത്തിന്റെ ആശങ്ക പരിഹരിക്കാൻ തനിക്ക് ആവുന്നുണ്ടെന്ന് ഷിജിൻ പറയുന്നു. തേങ്ങ വിളഞ്ഞ് കഴിഞ്ഞാൽ വീട്ടുകാർക്ക് പിന്നെ മനസ്സമാധാനമുണ്ടാവില്ല. ഉടൻ വിളിയായി. ഒരു ദിവസം ഇരുപതു മുതൽ മുപ്പതു തെങ്ങുകൾ വരെ കയറുന്നു. ചോദിക്കാതെ തന്നെ ന്യായമായ കൂലിയും ലഭിക്കുന്നു. ഇക്കാര്യത്തിൽ നാളിതുവരെ ഒരു തർക്കമോ വഴക്കോ ഉണ്ടാക്കേണ്ടി വന്നിട്ടില്ല.

കേരളത്തിലെ പ്രശസ്തരായ സംഗീത കലാകാരന്മാർക്കൊപ്പം ഷിജിൻ തബല വാദന രംഗത്തും സജീവമാണ്. സ്റ്റേജ്, ടിവി പ്രോഗ്രാമുകൾ ചെയ്തു വരുന്നു. പുലർച്ചെ 4ന് ആരംഭിക്കുന്ന ഷിജിന്റെ ദിനചര്യകൾ ആരെയും അത്ഭുതപ്പെടുത്തും. പുലർച്ചെ 4.30 മുതൽ പള്ളുരുത്തി അഴകിയകാവ് ക്ഷേത്രമുറ്റത്ത് യോഗാഭ്യാസ പഠനം, പിന്നീട് ഷിജിന്റെ യോഗാഭ്യാസ ക്ലാസ്. മണിക്കൂറുകളോളം വെള്ളത്തിൽ പൊങ്ങിക്കിടക്കുന്നതാണ് ഷിജിന്റെ മാസ്റ്റർ പീസ്. ശ്വാസത്തെ നിയന്ത്രിച്ച് എത്ര മണിക്കൂർ വേണമെങ്കിലും വെള്ളത്തിൽ പൊങ്ങിക്കിടക്കാൻ കഴിയുമെന്ന് പറയുമ്പോൾ ഈ 37 കാരന്റെ വാക്കുകളിൽ അഹങ്കാരത്തിന്റെ തരിമ്പുപോലുമില്ല, നിശ്ചയദാർഢ്യം മാത്രം. കേരവൃക്ഷത്തിന്റെ പേരിലാണ് നമ്മുടെ നാട് അറിയപ്പെടുന്നത്. വരും കാലത്ത് കേരവൃക്ഷങ്ങളുടെ കടയ്ക്കൽ കോടാലി പതിച്ച് ഇവ ഇല്ലാതായി തീരും. തെങ്ങുകയറാൻ ആളെ കിട്ടാത്തതിനാൽ കേരളം കേരമില്ലാത്തിടമാകും.....ഷിജിന്റെ വാക്കുകളിൽ പ്രതിഷേധ സ്വരം. നാം ചെയ്യേണ്ട കാര്യങ്ങൾ ചെയ്യാത്തതാണ് ഇന്നത്തെ ച്യുതിക്ക് കാരണമെന്ന് ഷിജിൻ കരുതുന്നു.

പെരുമ്പടപ്പ് നികർത്തിൽ ശശിധരന്റേയും ജമീലയുടേയും മൂത്തമകനായ ഷിജിന് തന്റെ ചുവടുകളിൽ വ്യക്തതയുണ്ട്. വാക്കുകളിൽ ദൃഢതയുണ്ട്. നമ്മുടെ യുവാക്കൾക്ക് ആകമാനം സന്ദേശമാകട്ടെ ഈ വ്യക്തിത്വം.